**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 358** **01-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാധാരണക്കാർക്കിടയിൽ സമ്പാദ്യശീലം വളർത്തുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും കുത്തകകളുടെ ചൂഷണത്തിൽ നിന്ന് സംരക്ഷണമൊരുക്കുന്നതിനും കെ.എസ്.എഫ്.ഇ. നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പ്രയോജനകരമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പ്രയോജനകരമായിട്ടുണ്ട്; സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി ഏറെ ആദായകരമായ ചെറിയ ചിട്ടികൾ കെ.എസ്.എഫ്.ഇ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 1000/- രൂപ മുതൽ 10,000/- രൂപ വരെ തവണ സംഖ്യയുള്ള സാമാന്യം കാലാവധി കൂടിയ 6727 ചിട്ടികൾ തുടങ്ങിയതു വഴി സാധാരണ ജനവിഭാഗങ്ങളിലേയ്ക്ക് ചിട്ടിയുടെ ഗുണഫലം എത്തിക്കാനായി. മാത്രമല്ല, ചിട്ടി പണം നിക്ഷേപിക്കുന്നവർക്ക് ഉയർന്ന പലിശ നിരക്കും കെ.എസ്.എഫ്.ഇ നൽകി വരുന്നുണ്ട്; |
| (ബി) | സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ കെ.എസ്.എഫ്.ഇ. നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (ബി) | സാമൂഹ്യസുരക്ഷാ പദ്ധതികളിൽ കെ.എസ്.എഫ്.ഇ. പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല; |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ ഗ്യാരണ്ടി കമ്മീഷൻ, രജിസ്ട്രേഷൻ ചാർജ് തുടങ്ങിയ ഇനങ്ങളിൽ കെ.എസ്.എഫ്.ഇ. സംസ്ഥാന സർക്കാരിലേക്ക് നൽകിയ തുകയെത്രയാണെന്ന് അറിയിക്കുമോ? | (സി) | ഈ സർക്കാരിന്റെ കാലയളവിൽ ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ 316.7 കോടി രൂപയും, രജിസ്ട്രേഷൻ ചാർജ്ജിനത്തിൽ 166.3 കോടി രൂപയും, ഡിവിഡന്റ് ആയി 175 കോടി രൂപയും ഉൾപ്പെടെ ആകെ 658 കോടി രൂപ കെ.എസ്.എഫ്.ഇ സംസ്ഥാന സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ